"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2025-26 - ഭവനനിർമ്മാണ സാങ്കേതിക സെൽ- മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും (ഇ-ഗൃഹ) എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.25/2025/HSG തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:- 1. ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) -ന്റെ 06.05.2025-ലെ സി/416/2025/എച്ച്. സി. നമ്പർ കത്ത്

2. 30.05.2025-ലെ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ, അവയുടെ യോഗ്യതാ മാനദണ്ഡം, ഓരോ ഭവന പദ്ധതിയ്ക്ക് കീഴിലും ഓരോ ഘട്ടത്തിലും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ജിയോടാഗ് ചെയ്യുന്നത്, ലഭ്യമാകുന്ന വായ്പകൾ തുടങ്ങിയ പാർപ്പിട മേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഇ-ഗൃഹ എന്ന പദ്ധതിയുടെ മൂന്നാം ഘട്ടം വികസിപ്പിക്കുന്നതിലേയ്ക്കായി 2025-26 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 2216-80-001-96 എന്ന ശീർഷകത്തിൽ 25,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. ഭവനനിർമ്മാണ (സാങ്കേതിക സെൽ) നടപ്പിലാക്കുന്ന 'വെബ്/മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും (ഇ-ഗൃഹ)' /Development and Hosting of a web/mobile application (e-Griha) എന്ന പദ്ധതി ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം ഹൗസിംഗ് കമ്മീഷണർ ലഭ്യമാക്കുകയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

| Components | Amount |
|---|---|
| Development of next phase of the Web application of project management system with security auditing | 25,00,000/- |

3. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും 'വെബ്/മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും (ഇ-ഗൃഹ)' എന്ന പദ്ധതി ₹25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ)യിൽ നിജപ്പെടുത്തി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകുവാൻ പരാമർശം (2) പ്രകാരം അംഗീകാരം നല്കുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ഭവനനിർമ്മാണ (സാങ്കേതിക

സെൽ)-ന്റെ വെബ്/മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും (ഇ-ഗൃഹ) എന്ന പദ്ധതി നടപ്പാക്കുന്നതിന് നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 25,00,000/-രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപാ മാത്രം) യിൽ നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 2216-80-001-96 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

1. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
2. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്.
3. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
4. സ്റ്റോർ പർച്ചേസ് നടപടികൾ കൃത്യമായും പാലിക്കേണ്ടതാണ്.
5. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
6. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
7. ആസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
8. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനനിർമ്മാണ(സാങ്കേതിക സെൽ)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ&പി. ആർ ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 10-07-2025 12:56:53